മാതൃഭൂമി

# വാർഷികം ആഘോഷിച്ചു

**കൊച്ചി ▸** അമൃത കോളേജ് ഓഫ് നഴ്സിങ് ഇരുപത്തിമൂന്നാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷണസംഘത്തിലെ അംഗം നിജു പി.എൻ., കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിനെതിരേ സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. മുൻ പോലീസ് മേധാവി ഋഷിരാജ് സിങ് വാർഷികാഘോഷത്തിൽ മുഖ്യാതിഥിയായി.

അമൃത കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സ്വാമിനി കരുണാമൃത പ്രാണയുടെ നേതൃത്വത്തിൽ നടന്ന പൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചൈൽഡ് ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി പ്രൊഫ. ഡോ. കെ.പി. അനില, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ, കമ്യൂണിറ്റി ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് തുടങ്ങിയവർ സംസാരിച്ചു.



അമൃത കോളേജ് ഓഫ് നഴ്സിങ് വാർഷികാഘോഷം മുൻ കേരള പോലീസ് മേധാവി ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്യുന്നു

മംഗളം



● അമൃത കോളജ് ഓഫ് നഴ്സിംഗ് 23 ാം വാർഷികാഘോഷവേളയിൽ മുൻ ഡി.ജി.പി.ഋഷിരാജ് സിംഗ് പ്രഭാഷണം നടത്തുന്നു.

# ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരേയുള്ള പ്രതിരോധം: ഋഷിരാജ് സിംഗ്

കൊച്ചി: അമൃത കോളജ് ഓഫ് നഴ്സിംഗ് 23 ാം വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡി.ഐ.ജി. ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി.എൻ. കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിന് എതിരെ സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. മുൻ പോലീസ് മേധാവി ഋഷിരാജ് സിംഗ് മുഖ്യാതിഥിയായിരുന്നു. ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സ്വാമിനി കരുണാമൃത പ്രാണയുടെ നേതൃത്വത്തിൽ നടന്ന പൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചൈൽഡ് ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. ഡോ. അനില കെ.പി. ചടങ്ങിൽ പ്രഭാഷണം നടത്തി. എസ്. എൻ. എ. സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണത്തിനും വാർഷികാഘോഷം വേദിയായി. കോളേജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും ചടങ്ങിൽ വെച്ച് നടന്നു. വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ സ്വാഗത പ്രസംഗവും. കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

KOCHI Edition
Nov 12, 2025 Page No. 2
Powered by: erelego.com

മലയാള മനോരമ

# അമൃത കോളജ് ഓഫ് നഴ്സിങ് വാർഷികം

കൊച്ചി • അമൃത കോളജ് ഓഫ് നഴ്സിങ് 23ാം വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ ദിനമായാണ് വാർഷികം ആചരിച്ചത്. മുൻ പൊലീസ് മേധാവി ഋഷിരാജ് സിങ് മുഖ്യാതിഥിയായി. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസിന് എറണാകുളം ഡിഐജി ഓഫിസ് പ്രത്യേക അന്വേഷണ സംഘത്തിലെ അംഗം പി.എൻ.നിജു നേതൃത്വം നൽകി. അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി.മോളി, സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം.സബിത എന്നിവർ പങ്കെടുത്തു. കോളജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും എസ്എൻഎ സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണവും നടത്തി.

വൈസ് പ്രിൻസിപ്പൽ ഷീല പവിത്രൻ, ചൈൽഡ് ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി ഡോ. കെ.പി.അനില, കമ്യൂണിറ്റി ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി നിധിൻ ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

12/11/2025 | Kochi | Page : 2
Source : https://epaper.manoramaonline.com/

കേരള പ്രണാമം

# അമൃത കോളേജ് ഓഫ് നഴ്സിംഗ് ഇരുപത്തി മൂന്നാമത് വാർഷികം ആഘോഷിച്ചു

## >> ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് ഋഷിരാജ് സിംഗ്

**കൊച്ചി:** അമൃത കോളേജ് ഓഫ് നഴ്സിംഗ് ഇരുപത്തി മൂന്നാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി.എൻ. കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിന് എതിരെ സംഘടിപ്പിച്ച ബോധവത്ക്കരണ ക്ലാസിന് നേതൃത്വം നൽകി. മുൻ പോലീസ് മേധാവി ഋഷിരാജ് സിംഗ് വാർഷികാഘോഷത്തിൽ മുഖ്യാതിഥിയായിരുന്നു.

ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്വാമിനി കരുണാമൃത പ്രാണയുടെ നേതൃത്വത്തിൽ നടന്ന പൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചൈൽഡ് ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. ഡോ. അനില കെ. പി. ചടങ്ങിൽ പ്രഭാഷണം നടത്തി. എസ്. എൻ. എ. സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണത്തിനും വാർഷികാഘോഷം വേദിയായി.



അമൃത കോളേജ് ഓഫ് നഴ്സിംഗ് വാർഷികാഘോഷം മുൻ കേരള പൊലീസ് മേധാവി ഋഷിരാജ് സിംഗ് ഐപിഎസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

കോളേജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും ചടങ്ങിൽ വെച്ച് നടന്നു. വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ സ്വാഗത പ്രസംഗവും. കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

കേരള കൗമുദി
SINCE 1911
Ernakulam
12 Nov 2025



# അമൃത നഴ്സിംഗ് കോളേജ് വാർഷികം

കൊച്ചി: അമൃത കോളേജ് ഒഫ് നഴ്സിംഗ് 23-ാം വാർഷികം ലഹരിവിരുദ്ധ ബോധവത്കരണ ദിനമായി ആഘോഷിച്ചു. മുൻ പൊലീസ് മേധാവി ഋഷിരാജ് സിംഗ് മുഖ്യാതിഥിയായി. എറണാകുളം ഡി.ഐ.ജിയുടെ സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി.എൻ ക്ലാസിന് നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി, അമൃത സ്കൂൾ ഒഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം. എന്നിവർ പങ്കെടുത്തു. സ്വാമിനി കരുണാമൃത പ്രാണ, ചൈൽഡ് ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. ഡോ. അനില കെ.പി., വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ, കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് എന്നിവർ സംസാരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

ജന്മഭൂമി



അമൃത കോളജ് ഓഫ് നഴ്സിങ് വാർഷികാഘോഷം മുൻ ഡിജിപി ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്യുന്നു

# അമൃത കോളജ് ഓഫ് നഴ്സിങ് വാർഷികം

**കൊച്ചി:** അമൃത കോളജ് ഓഫ് നഴ്സിങ് ഇരുപത്തി മൂന്നാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി. എൻ. കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിന് എതിരെ സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി.

മുൻ ഡിജിപി ഋഷിരാജ് സിങ് മുഖ്യാതിഥിയായിരുന്നു. ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്വാമിനി കരുണാമൃത പ്രാണയുടെ നേതൃത്വത്തിൽ നടന്ന പൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചൈൽഡ് ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി പ്രൊഫ. ഡോ. അനില കെ.പി. ചടങ്ങിൽ പ്രഭാഷണം നടത്തി. എസ്എൻഎ സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണത്തിനും വാർഷികാഘോഷം വേദിയായി. കോളജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും ചടങ്ങിൽ നടന്നു. വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ സ്വാഗതവും കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് നന്ദി പറഞ്ഞു.

സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന ആദ്യ ദിനപത്രം
ജനയുഗം
JANAYUGOM DAILY ■ തിരുവനന്തപുരം
സ്ഥാപിതം 1953

# അമൃത കോളേജ് ഓഫ് നഴ്സിങ് വാർഷികം ആഘോഷിച്ചു

കൊച്ചി: അമൃത കോളേജ് ഓഫ് നഴ്സിംഗ് ഇരുപത്തി മൂന്നാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി എൻ കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിന് എതിരെ സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. മുൻ പൊലീസ് മേധാവി ഋഷിരാജ് സിംഗ് വാർഷികാഘോഷത്തിൽ മുഖ്യാതിഥിയായിരുന്നു. ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചൈൽഡ് ഹെൽത്ത് നഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. ഡോ. അനില കെ. പി. ചടങ്ങിൽ പ്രഭാഷണം നടത്തി.

ദേശാഭിമാനി
Wed, 12 November 2025

# വാർഷികം ആഘോഷിച്ചു

**കൊച്ചി**

അമൃത കോളേജ് ഓഫ് നഴ്സിങ് വാർഷികാഘോഷം ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്തു. ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷകസംഘാംഗം പി എൻ നിജു കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ ടി മോളി, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ, ഡോ. എം സബിത, ഡോ. കെ പി അനില, പ്രൊഫ. നിധിൻ ഏലിയാസ് എന്നിവർ സംസാരിച്ചു. എസ്എൻഎ സംസ്ഥാന വിജയികൾക്കുള്ള സമ്മാനവിതരണവും കോളേജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശിപ്പിക്കലും നടത്തി.



**അമൃത കോളേജ് ഓഫ് നഴ്സിങ് വാർഷികാഘോഷം ഋഷിരാജ് സിങ് ഉദ്ഘാടനം ചെയ്യുന്നു**

ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887



**അമൃത കോളജ് ഓഫ് നഴ്സിംഗ് വാർഷികാഘോഷം മുൻ പോലീസ് മേധാവി ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്യുന്നു.**

# അമൃത കോളജ് ഓഫ് നഴ്സിംഗ് വാർഷികം ആഘോഷിച്ചു

**കൊച്ചി:** അമൃത കോളജ് ഓഫ് നഴ്സിംഗ് 23-ാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. മുൻ പോലീസ് മേധാവി ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. അമൃത കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത എന്നിവർ പ്രസംഗിച്ചു. പി.എൻ.നിജു ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി.

ചന്ദ്രിക

# അമൃത നഴ്സിങ് കോളജ് വാർഷികം ആഘോഷിച്ചു

കൊച്ചി: അമൃത കോളജ് ഓഫ് നഴ്സിങ് 23ാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് പരിപാടി സംഘടിപ്പിച്ചത്. എറണാകുളം ഡിഐജി ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം നിജു പി.എൻ ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി.

മുൻ പൊലീസ് മേധാവി ഋഷിരാജ് സിങ് മുഖ്യാതിഥിയായിരുന്നു. അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി മോളി, സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ.സബിത എം, ഡോ.അനില കെ.പി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സ്വാമിനി കരുണാമൃത പ്രാണയുടെ നേതൃത്വത്തിൽ നടന്ന പുജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. എസ്.എൻ.എ സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണത്തിനും വാർഷികാഘോഷം വേദിയായി. കോളജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും ചടങ്ങിൽ നടന്നു.

വൈസ് പ്രിൻസിപ്പൽ പ്രൊഫ.ഷീല പവിത്രൻ സ്വാഗതവു, കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിങ് വിഭാഗം മേധാവി പ്രൊഫ.നിധിൻ ഏലിയാസ് നന്ദിയും പറഞ്ഞു.